## കാസർഗോഡ് വികസന അതോറിറ്റി

324 (1750) ശ്രീ. എൻ. എ നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിരിച്ചുവിടപ്പെട്ട കാസർഗോഡ് വികസന അതോറിറ്റിയിൽ നിന്ന് എത്രയാളുകൾ വായ്പ എടുത്തിരുന്നു ; വായ്പ എടുത്തവരിൽ തിരിച്ചടയ്ക്കാത്ത എത്ര പേർ ഉണ്ട് ; ഈ ഇനത്തിൽ എത്ര രൂപയാണ് കുടിശ്ശികയായിട്ടുള്ളത് ;

(ബി) വായ്പക്ക് വസ്തു ഈടായി നൽകിയിട്ടുള്ളവരുടെ പ്രമാണങ്ങൾ ഇപ്പോൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത് ;

(സി) വായ്പ മുഴുവൻ അടച്ചു തീർത്തവരുടെ പ്രമാണങ്ങൾ തിരിച്ചുനൽകാൻ ബാക്കിയുണ്ടോ ;

(ഡി) കാഡ (കാസർഗോഡ് ഡെവലപ്മെന്റ് അതോറിറ്റി) ഇപ്പോൾ നിലവിലില്ലാത്തതിനാൽ അടച്ചു തീർക്കാനുള്ള വായ്പകൾ എഴുതി തള്ളാനോ ഒ.ടി.എസ്. ആനുകൂല്യം നൽകാനോ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## ന്യൂനപക്ഷ വിഭാഗങ്ങൾക്കായി പുതിയ ഭവനനിർമ്മാണ പദ്ധതികൾ

351 (1751) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ഏതെല്ലാം സമുദായങ്ങളുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഏതെങ്കിലും പുതിയ ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ; പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് വീട് വച്ചു നൽകിയെന്നും അവ ഏതെല്ലാം വിഭാഗങ്ങൾക്കാണെന്നും ഇതിനായി എത്ര തുക ചെലവാക്കിയെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ അംഗീകൃത ന്യൂനപക്ഷ മതവിഭാഗങ്ങൾ, മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈനർ എന്നിവയാണ്.

(ബി&സി) 2013-14, 2014-15 സാമ്പത്തിക വർഷത്തിലായി ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ/വിവാഹ മോചിതർ/ഉപേക്ഷിക്കപ്പെട്ടവർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് 2 ലക്ഷം രൂപ ധനസഹായം നൽകുന്ന ഭവന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്താകെ 2013-14-ൽ 950 വീടുകളും 2014-15-ൽ 249 വീടുകളും അനുവദിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണം പുരോഗമിക്കുന്നു. മുസ്ലീം, ക്രിസ്ത്യൻ ന്യൂനപക്ഷ മതവിഭാഗത്തിൽ പ്പെട്ടവർക്കാണ് വീട് അനുവദിച്ചത്. ഇതര ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്ന് അർഹരായ അപേക്ഷകൾ ഉണ്ടായിരുന്നില്ല. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.* ഇതുമായി ബന്ധപ്പെട്ട മുഴുവൻ തുകയും അതത് ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്.

## ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാൻ നടപടി

326 (1752) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകൾ ഏതൊക്കെയാണെന്നറിയിക്കുമോ ;

(ബി) ഓരോന്നിനും പ്രതിമാസം എത്ര രൂപ വീതമാണ് വിതരണം ചെയ്യുന്നത് ;

(സി) ഓരോ ഇനത്തിലും സംസ്ഥാനത്ത് എത്ര ഗുണഭോക്താക്കളാണുള്ള തെന്ന് വ്യക്തമാക്കുമോ ;

(ഡി) പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) മദ്രസ്സ അദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സ അദ്ധ്യാപകർക്കായുള്ള പെൻഷൻ പദ്ധതി മാത്രമാണ് വകുപ്പ് മുഖേന നടപ്പാക്കുന്ന ക്ഷേമ പെൻഷൻ പദ്ധതി. 65 വയസ്സ് പൂർത്തിയാകുന്നതുവരെ അംഗത്വം നിലനിർത്തുന്ന അംഗങ്ങൾക്ക് അംഗത്വ കാലയളവിന് ആനുപാതികമായി 500 രൂപ മുതൽ 5200 രൂപ വരെ പ്രതിമാസ പെൻഷൻ ലഭിക്കുന്നതാണ്. 2010 മേയ് 31-ലെ ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുള്ള പ്രസ്തുത പദ്ധതി 5 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പെൻഷൻ വിതരണം ആരംഭിക്കുകയുള്ളൂ. നിലവിൽ ക്ഷേമനിധിയിൽ 13092 അംഗങ്ങൾ ഉണ്ട്. പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.